പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5043 06-02-2014-ൽ മറുപടിക്ക്.

മദ്യത്തിൽനിന്നുള്ള നികുതി വരുമാനം

| ചോദ്യം: | | ഉത്തരം: |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മദ്യത്തിന്റെ നികുതി എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) മദ്യത്തിന്റെ ആഡംബര നികുതി (ഗാലനേജ് ഫീ) ഇനത്തിൽ ചുമത്താവുന്ന പരമാവധി തുക, പത്ത് രൂപയിൽ നിന്നും മുപ്പത് രൂപയായി വർദ്ധിപ്പിക്കുകയും, ടി നികുതിയുടെ 2012-2013 വർഷത്തെ നിരക്ക്, പതിനൊന്ന് രൂപ എൺപത്തിയേഴ് പൈസയായി നിശ്ചയിക്കുകയും ചെയ്തിരുന്നു. |
| (ബി) | നികുതി വർദ്ധനയിലൂടെ പ്രതീക്ഷിച്ച അധിക വരുമാനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (ബി) ടി നികുതി വർദ്ധനയിലൂടെ, 2011-2012 വർഷത്തിൽ ലഭിച്ച 220.02 കോടിയുടെ വരുമാനം, 2012-2013 വർഷത്തിൽ 354.64 കോടി രൂപയായി വർദ്ധിക്കുകയും, ഈയിനത്തിൽ സർക്കാരിന് 134.62 കോടി രൂപയുടെ അധിക വരുമാനം ലഭിക്കുകയും ചെയ്തു. |
| (സി) | വ്യാജമദ്യം വ്യാപകമായി ഉത്പാദിപ്പിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ